**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 600** **05-10-2021 - ൽ മറുപടിയ്ക്ക്**

**ഖാദി മാസ്കുകളുടെ ഗുണനിലവാരം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | **Shri. P. Rajeeve**<br>**(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | റേഷൻ കടകൾ വഴി വിതരണം ചെയ്ത സൗജന്യ കിറ്റുകളിൽ ഉൾപ്പെടുത്തിയിരുന്ന ഖാദി മാസ്കുകൾ നിലവാരം കുറഞ്ഞവ ആയിരുന്നു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പ്രസ്തുത പരാതിയിന്മേൽ വകുപ്പുതല അന്വേഷണം നടത്തിയിരുന്നോ; അന്വേഷണം പൂർത്തിയായിട്ടുണ്ടോ; പുരോഗതി അറിയിക്കാമോ; | (ബി) | അന്വേഷണത്തിൽ 1,02,94,787 മാസ്കുകൾ കേരള ഖാദി ഗ്രാമ വ്യവസായ ബോർഡ് ഉല്പാദിപ്പിയ്ക്കുകയും 10,57,656 മാസ്കുകൾ കേരളത്തിന് അകത്തുള്ള അംഗീകൃത ഖാദി സ്ഥാപനങ്ങളിൽ നിന്നും 56,22,166 മാസ്കുകൾ കേരളത്തിന് പുറത്തുള്ള ഖാദി കമ്മീഷന്റെ അംഗീകാരമുള്ള ഖാദി സ്ഥാപനങ്ങളിൽ നിന്നുമായി ആകെ 1,69,74,609 മാസ്കുകൾ സപ്ലൈകോ മുഖേന വിതരണം ചെയ്തിട്ടുണ്ട്. വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | മാസ്കിന്റെ ഗുണനിലവാരം ഉറപ്പിക്കാൻ ഏതെങ്കിലും ലാബുകളിൽ പരിശോധന നടത്തിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ? | (സി) | ഇല്ല. |

സെക്ഷൻ ഓഫീസർ